<u>പത്രക്കുറിപ്പ്</u>

# ലോക്ക്ഡൗൺ:
# പോലീസ് കർശന പരിശോധന തുടരും

## <u>കോവിഡ്-19 ലോക്ക്ഡൗൺ സുരക്ഷാ പരിശോധന</u>

## വിലക്ക് ലംഘനം: 399 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- കോവിഡ്-19 രോഗവ്യാപനം കുറയാത്ത സാഹചര്യത്തിൽ, സർക്കാർ ലോക്ക് ഡൗൺ ജൂൺ 16 വരെ നീട്ടിയതിനാൽ പോലീസ് പരിശോധന കർശനമായി തുടരുമെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

അനാവശ്യ യാത്രകൾ അനുവദിക്കില്ല. മെഡിക്കൽ സ്റ്റോറുകൾക്ക് പുറമെ, അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകൾ, വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും നിർമ്മാണ സാമഗ്രികളും വിൽക്കുന്ന സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കാം. 12, 13 തീയതികളിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ ആയതിനാൽ കർശന പരിശോധന ഏർപ്പെടുത്തും. തുറന്ന് പ്രവർത്തിക്കാൻ അനുവാദമുള്ള വ്യാപാര സ്ഥാപനങ്ങളിൽ കോവിഡ് പ്രോട്ടോക്കോളും സമയക്രമവും കൃത്യമായും പാലിക്കേണ്ടതാണ്.

അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കും അവശ്യ സർവ്വീസ് വിഭാഗങ്ങൾക്കും സർക്കാർ അനുവദിക്കപ്പെട്ടിട്ടുള്ള മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്കും മാത്രമേ

യാത്ര അനുവദിക്കുകയുള്ളൂ. അനാവശ്യ യാത്ര നടത്തുന്നവർക്കെതിരെയും യാത്രാ പാസുകൾ ദുരുപയോഗം ചെയ്യുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കും. അനുവദിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങളിൽ പ്രവർത്തിയെടുക്കുന്നവർ, അനുവദിച്ചിട്ടുള്ള ദിവസങ്ങളിൽ ജോലി സ്ഥലത്തേയ്ക്കും തിരികെയും നിശ്ചിത സമയങ്ങളിൽ മാത്രം യാത്ര ചെയ്യേണ്ടതും, ഇവർ ഔദ്യോഗിക തിരിച്ചറിയൽ കാർഡും മേലധികാരിയുടെ സർട്ടിഫിക്കറ്റും കൈയ്യിൽ കരുതേണ്ടതുമാണ്. കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവീസുകൾ പുനരാരംഭിച്ച സാഹചര്യത്തിൽ ബസുകളിലും, ബസ് സ്റ്റാന്റുകളിലും യാത്രാക്കാർ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

രോഗവ്യാപന നിരക്ക് കുറച്ചു കൊണ്ടുവരുന്നതിനായി സർക്കാരും പോലീസും ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷാ ക്രമീകരണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണമെന്നും വിലക്കു ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 399 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ലോക്ക്ഡൗൺ ദിനമായ ഇന്നലെ (09-06-2021) നാലു മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 399 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന

തരത്തിൽ വിലക്ക് ലംഘനം നടത്തിയ 75 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 169 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 14 പേരിൽ നിന്നുമായി 91,500/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 138 വാഹനങ്ങൾക്കെതിരെയും ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കാത്ത 3 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 155 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
09-06-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി